**കേരള സർക്കാർ**

സംഗ്രഹം

പൊതു വിദ്യാഭ്യാസം - വിദ്യാഭ്യാസ വകുപ്പിലെ യോഗ്യരായ ക്ളാർക്ക്, ടൈപ്പിസ്റ്റ്, അറ്റൻഡർ, പ്യൂൺ എന്നീ വിഭാഗം ജീവനക്കാർക്ക് എൽ.പി./യു.പി ഭാഷാദ്ധ്യാപക തസ്തികയിലേയ്ക്ക് നിയമനം നൽകുന്നത്- സംബന്ധിച്ച്.

---

**പൊതു വിദ്യാഭ്യാസ (ജെ) വകുപ്പ്**

**സ.ഉ (പി) നം. 129/11/പൊ.വി.വ** **തീയതി, തിരുവനന്തപുരം, 31/05/2011**

---

പരാമർശം: (1) 20/01/09 ലെ ജി.ഒ (എം.എസ്) നം. 8/2009/പൊ.വി.വ.
(2) 14/10/09 ലെ ബി (2)/63780/09/ഡി.പി.ഐ നമ്പർ കത്ത്.
(3) 25/09/10 ലെ എ. II (1) 9267/10/GW നമ്പർ പി..എസ്.സി. യുടെ കത്ത്.

## ഉത്തരവ്

പരാമർശം ഒന്നിലെ സർക്കാർ ഉത്തരവ് പ്രകാരം വിദ്യാഭ്യാസ വകുപ്പിലെ റ്റി.റ്റി.സി. യോഗ്യതയും അഞ്ച് വർഷം മിനിമം സർവ്വീസുമുള്ള ക്ളാർക്ക്, ടൈപ്പിസ്റ്റ്, അറ്റൻഡർ, പ്യൂൺ എന്നീ വിഭാഗം ജീവനക്കാരെ എൽ.പി.എസ്.എ തസ്തികയിലും റ്റി.റ്റി.സി/ബി.എഡ് യോഗ്യതയും അഞ്ച് വർഷം മിനിമം സർവ്വീസുമുള്ളവരെ യു.പി.എസ്.എ തസ്തികയിലും തസ്തികമാറ്റം വഴി പബ്ളിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമിക്കുന്നതിന് ടി തസ്തികകളിലെ ആകെ ഒഴിവിന്റെ അഞ്ച് ശതമാനം നീക്കിവെച്ചിരുന്നു.

2. സമാനമായ രീതിയിൽ നിശ്ചിതയോഗ്യതയും മിനിമം സർവ്വീസുമുള്ള മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് എൽ.പി./യു.പി ഭാഷാദ്ധ്യാപക തസ്തികയിലേയ്ക്ക് തസ്തികമാറ്റം അനുവദിക്കുന്നത് സംബന്ധിച്ചുള്ള വിവിധ കോണുകളിൽ നിന്നുള്ള ആവശ്യത്തിൽ മേലുള്ള ഡി.പി.ഐ യുടെ നിർദ്ദേശം പരാമർശം മൂന്ന് പ്രകാരം പബ്ളിക് സർവ്വീസ് കമ്മീഷൻ അംഗീകരിച്ചു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൊതു വിദ്യാഭ്യാസ വകുപ്പിലെ നിശ്ചിത ഭാഷാദ്ധ്യാപക യോഗ്യതയും അഞ്ച് വർഷം മിനിമം

സർവ്വീസുമുള്ള ക്ളാർക്ക്, ടൈപ്പിസ്റ്റ്, അറ്റൻഡർ, പ്യൂൺ എന്നീ വിഭാഗം ജീവനക്കാരെ എൽ.പി./യു.പി ഭാഷാദ്ധ്യാപക തസ്തികയിലേയ്ക്ക് തസ്തികമാറ്റം വഴി പബ്ളിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമിക്കുന്നതിന് അഞ്ച് ശതമാനം നീക്കി വെച്ച് സർക്കാർ ഉത്തരവാകുന്നു.

4. ഭാഷാദ്ധ്യാപക തസ്തികയുടെ മാത്രം ആകെ ഒഴിവുകളുടെ 5% നിയമനത്തിലേക്കായിരിക്കണം പ്രസ്തുത തസ്തിക മാറ്റനിയമനം നടത്തേണ്ടത്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**ആർ. മധുസൂദനൻ നായർ**
അഡീഷണൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
} പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖാന്തിരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ) തിരുവനന്തപുരം

ഡയറക്ടർ, വിവരപൊതുജന സമ്പർക്ക വകുപ്പ്

ഡയറക്ടർ, ഐ.ടി.@സ്കൂൾ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)

പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും ഓഫീസർമാർക്കും

സ്റ്റോക്ക് ഫയൽ

ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ